**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 143** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഏൺ വൈൽ യു ലേൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ ഏൺ വൈൽ യു ലേൺ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പഠനത്തോടൊപ്പം വരുമാനവും (Earn while You Learn) എന്ന ആശയത്തിലൂന്നി ക്യാമ്പസുകളെ ഉൽപാദന കേന്ദ്രങ്ങളാക്കി മാറ്റുകയും വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനമാർഗ്ഗവും കണ്ടെത്താൻ സാധിക്കുന്ന തരത്തിൽ ഇൻഡസ്ട്രി ഓൺ ക്യാമ്പസ് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തെരഞ്ഞെടുത്ത പോളിടെക്ക്നിക് കോളേജുകളിൽ ഉൽപാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഈ ഉൽപാദന പരിശീലന കേന്ദ്രങ്ങളിൽ നിർമ്മിച്ച ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ സർക്കാർ എഞ്ചിനിയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേധാവിയുടെ നിർദ്ദേശ പ്രകാരം ആവശ്യാനുസരണം സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഉൽപാദന പരിശീലനകേന്ദ്രം വിദ്യാർത്ഥികൾക്ക് വ്യാവസായിക അന്തരീക്ഷം പരിചയപ്പെടുത്തുന്നതിനുള്ള സൗകര്യത്തിനോടൊപ്പം ഒരു ചെറിയ വരുമാനം ലഭിക്കുന്നതിനും സാഹചര്യമുണ്ടാക്കുന്നു. വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യ ശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ കോളേജുകളിൽ ഈ പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ ആരംഭിക്കുകയും കോളേജുകൾക്ക് ആവശ്യമായ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തന്നെ തൊഴിൽ പരിശീലനം നേടുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. വിവിധ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ പ്രോജെക്ടുകളുടെ നടത്തിപ്പിന് ആവശ്യമായ സൗകര്യങ്ങൾ കോളേജുകളിൽ ഒരുക്കുന്നതിനായുള്ള നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച് ആവശ്യമായ കംപ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ (TBI) പ്രവർത്തിച്ചുവരുന്നു. അസാപ് മുഖേന കേരളത്തിലെ ഗവൺമെന്റ് പോളിടെക്നിക്കുകളിൽ ആധുനിക യന്ത്രസാമഗ്രികൾ വിതരണം ചെയ്തിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പുതിയ സംരംഭമായ CORaL (Collaborative Research and Learning) സ്ഥാപനങ്ങളിലെ മാനവശേഷി ഉപയോഗിച്ച് സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും ആവശ്യമായ സാങ്കേതിക സഹായവും ഗവേഷണ പ്രവർത്തനങ്ങളും നടത്തുന്നതിനോടൊപ്പം വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം ലഭ്യമാക്കുവാനും ലക്ഷ്യമിടുന്നു. |
| (സി) | വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിൽ പരിശീലനം നൽകുന്നതിനായി അന്താരാഷ്ട്ര കമ്പനികളുമായി സഹകരിച്ച് ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ നടത്തുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. അസാപ് നൽകിവരുന്ന നൈപുണ്യവികസന കോഴ്സുകളുടെ ഭാഗമായി വിവിധ അന്തർദേശീയ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പിനു അവസരമൊരുക്കി കൊടുക്കുന്നുണ്ട്. ഇതുകൂടാതെ ഒരു വർഷം വരെ നീളുന്ന ഇന്റേൺഷിപ്പിപ്പ് പ്രോഗ്രാമുകൾ, ഐ.റ്റി, ഹെൽത്ത്കെയർ എന്നീ മേഖലകളിലെ പ്രമുഖ വ്യവസായ സ്ഥാപനങ്ങളിൽ സ്റ്റൈപന്റോടു കൂടി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ